പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖാക്കൽ പഞ്ചായത്തിൽ ചെലവഴിച്ച തുക

1123. [1698] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ മുഖാക്കൽ പഞ്ചായത്തിൽ വിവിധ പദ്ധതികൾ പ്രകാരം മൊത്തം എന്തു തുക ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അതിൻപ്രകാരം എത്രപേർക്ക് അതിന്റെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

		രൂപ
(എ)	കൃഷിഭൂമി വായ്പാ പദ്ധതിയിൻ പ്രകാരം	2,13,550
	വിദേശത്ത് ജോലി സമ്പാദിക്കുന്നതിനുള്ള പദ്ധതിപ്രകാരം	10,000
	മാർജിൻമണി പദ്ധതിപ്രകാരം	7,500
	ഭവന നിർമ്മാണ പദ്ധതിപ്രകാരം	13,500
	ആകെ	2,44,550
(ബി)	കൃഷിഭൂമി വായ്പാ പദ്ധതി	15
	വിദേശത്ത് ജോലി സമ്പാദിക്കുന്നതിനുള്ള പദ്ധതി	1
	മാർജിൻമണി പദ്ധതി	4
	ഭവന നിർമ്മാണ പദ്ധതി	4
	ആകെ	24

പട്ടികജാതി വികസന കോർപ്പറേഷൻ കിളിമാനൂർ പഞ്ചായത്തിൽ ചെലവാക്കിയ തുക

1124. [1699] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന കോർപ്പറേഷൻ മുഖേന 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കിളിമാനൂർ പഞ്ചായത്തിൽ ഏതെല്ലാം പദ്ധതികൾക്കുവേണ്ടി മൊത്തം എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അതിൻപ്രകാരം എത്രപേർക്ക് പ്രയോജനം കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly